# 68

# “ഉം, ഉപസംഹാരത്തിൽ”

## (22:6- 21)

വെളിപ്പാടുപുസ്തകത്തെ കുറിച്ചുള്ള നമ്മുടെ അവസാന പാഠത്തിന്, ആൽബർട്ട് ബാൽഡിഞ്ചറുടെ ഈ വാക്കുകളേക്കാൾ ആരംഭിക്കുവാൻ നല്ല വാക്ക് മറ്റൊന്ന് കാണുകയില്ല:

> നാം സുദീർഘവും വിഷമകരവുമായ പാതയിലൂടെ സഞ്ചരിച്ച് ഇപ്പോൾ എത്തിയിരിക്കുന്നത് ... ഒരു “ഉയർന്ന പർവ്വതത്തിലാണ്,” അവിടെ തേജസേറിയ ഒരു ദേശം കാൺമാൻ നമുക്ക് കഴുകന്റെ കാഴ്ച്ച - ശക്തി പ്രദാനം ചെയ്തി [രിക്കുന്നു]. നമ്മുടെ പിന്നിൽ, “അപോ കാലിപ്സിലെ നാല് കുതിരകളുടെ” ശവങ്ങളും, അഗ്നിപർവ്വതങ്ങൾ അണഞ്ഞ ചാരവും, ചുഴലിക്കാറ്റ് വീശിയതിന്റെ അവശിഷ്ടങ്ങളും, സാമൂഹ്യ ഭൂകമ്പത്താൽ തകർന്നടിഞ്ഞവയും, മർമ്മമായിരുന്ന [ബാബിലോനും] ദൈവമില്ലാതിരുന്ന സാമ്രാജ്യങ്ങളും കിടക്കുന്നു. പാപവും തിന്മയും മനുഷ്യർക്ക് ഏറ്റവും ദോഷം വരുത്തിയിരിക്കുന്നു. അർമ്മഗദോൻ അവസാനിച്ചു. എല്ലായിടത്തും കുഞ്ഞാട് ജയിച്ചു. പിന്നെ എന്ത് വേണം?[1]

ഇനി അവശേഷിക്കുന്നത് വെളിപ്പാട് അവസാനി-പ്പിക്കലാണ്. പുസ്തകം അവസാനിപ്പിക്കുവാൻ ആത്മാവ് അദ്ധ്യായം 22-ൽ അവസാനത്തെ പതിനാറ് വാക്യങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

ഒറ്റനോട്ടത്തിൽ, ആ പതിനാറ് വാക്യങ്ങൾ ബന്ധമില്ലാതെയാണ് കിടക്കുന്നത് എന്ന് തോന്നും.[2] എന്നാൽ സൂക്ഷിച്ച് നോക്കിയാൽ, പുസ്തകത്തിൽ നേരത്തെ പറഞ്ഞതായ മിക്ക ഭാഗവും, ആവർത്തിച്ചിരിക്കുന്നതായി കാണാം[3] - നാം ഓർമ്മിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്ന സത്യങ്ങളാണ് അവ. ഈ വേദഭാഗത്തിന് പ്രത്യേക പ്രാധാന്യമുണ്ട്, കാരണം അവ ദൈവ ശ്വാസിയ വാക്കുകളും ബൈബിളിലെ അവസാന വാക്കുകളായി എഴുതപ്പെട്ടവയുമാണ്.[4]

### ആവർത്തിച്ച ചിന്തകൾ
### (22:6-8, 10, 12, 13, 16, 20, 21)

പുസ്തകത്തിലെ ആരംഭ വാക്കുകൾ പ്രതിഫലിപ്പിക്കുന്നവയാണ് വെളിപ്പാട് 22:6–21 ലെ പല ചിന്തകളും. അപോകാലിപ്സിലെ ആരംഭം നമുക്ക് വീണ്ടും വായിക്കാം:

> യേശുക്രിസ്തുവിന്റെ വെളിപ്പാട് വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാരെ കാണിക്കേണ്ടതിന് ദൈവം അത് അവന്ന് കൊടുത്തു. അവൻ അതു തന്റെ ദൂതൻ മുഖാന്തരം അയച്ചു തന്റെ ദാസനായ യോഹ

ന്നാന് പ്രദർശിപ്പിച്ചു. അവൻ ദൈവത്തിന്റെ വചനവും യേശുക്രിസ്തു വിന്റെ സാക്ഷ്യവുമായി താൻ കണ്ടതൊക്കെയും സാക്ഷീകരിച്ചു (1:1, 2).

അദ്ധ്യായം 22-ൽ ദൂതൻ യോഹന്നാനോട് പറഞ്ഞതു നാം വായിക്കുന്നു, "... പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമായ കർത്താവ് വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാർക്ക് കാണിച്ചു കൊടുപ്പാൻ തന്റെ ദൂതനെ അയച്ചു" (വാ. 6; വാക്യം 16 നോക്കുക). യോഹന്നാൻ എഴുതി, "ഇത് കേൾക്കു കയും കാൺകയും ചെയ്തത് യോഹന്നാൻ എന്ന ഞാൻ തന്നെ" (വാ. 8).[5] അതുകൊണ്ട് ദൈവം നമ്മെ ഓർപ്പിക്കുന്നത്, വെളിപ്പാട് പുസ്തകം ദൈവശ്വാ സിയമല്ലാത്ത ഉറവിടത്തിൽനിന്നു വന്ന (ചിലർ വിചാരിക്കുന്നതുപോലെ) മിശ്ര സ്വഭാവമുള്ള ചിന്തകളല്ല എന്നാണ്; അത് *അവനിൽ* നിന്നു തന്നെയുള്ളതാണ്.

അദ്ധ്യായം 1 ലെ ആരംഭവാക്കുകളിൽ ഉള്ള പ്രയോഗമാണ് "വേഗത്തിൽ സംഭവിപ്പാനുള്ളത്" (വാ. 1). ആ അദ്ധ്യായത്തിലെ വാക്യം 3 പറയുന്നത് "സമയം അടുത്തിരിക്കുന്നു" എന്നാണ്. അതേ വാക്കുകൾ അദ്ധ്യായം 22 ലും പറയുന്നു: വാക്യം 6 പറയുന്നു, "കർത്താവ് വേഗത്തിൽ സംഭവിപ്പാനുള്ളത് തന്റെ ദാസന്മാർക്ക് കാണിച്ചുകൊടുപ്പാൻ തന്റെ ദൂതനെ അയച്ചു." വാക്യം 10-ൽ ദൂതൻ യോഹന്നാനോട്, ഈ വാക്കുകൾ മുദ്രയിടരുത്[6] "... സമയം അടുത്തി രിക്കുന്നു" എന്നാണ് പറഞ്ഞത്. അതു നമ്മെ ഓർപ്പിക്കുന്നത്, ആ സംഭവങ്ങൾ ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം ഭാവിയിൽ സംഭവിപ്പാനുള്ളതല്ല, പി ന്നെയോ അക്കാലത്തെ ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളെ പ്രോൽസാഹിപ്പി ക്കുന്നതിനായിരുന്നു എന്നാണ്.

കൂടാതെ, കേൾവിക്കാർക്കും വായനക്കാർക്കും പ്രത്യേകം അനുഗ്രഹ ങ്ങളുള്ളതായി പുസ്തകത്തിന്റെ പ്രാരംഭവാക്കുകളിൽ നാം കണ്ടു: "ഈ പ്ര വചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ" (1:3). അതേ അനുഗ്രഹത്തോടുകൂ ടിയാണ് വെളിപ്പാട് അവസാനിപ്പിക്കുന്നത്: "ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ" (22:7). നമ്മുടെ പഠനം ബുദ്ധിയോടുകൂടി ആയിരിക്കണമെന്ന് ദൈവം നമ്മെ ഇവിടെ ഓർപ്പിക്കുന്നു; നമ്മുടെ മനോഭാ വവും ജീവിതവും മാറ്റുവാനാണ് വെളിപ്പാട് ഉദ്ദേശിച്ചിരിക്കുന്നത്.

ഒന്നാം അദ്ധ്യായത്തിൽ യോഹന്നാൻ സംബോധന ചെയ്തത് "ആസ്യ യിലെ ഏഴ് സഭകളോടാണ്" (1:4; 1:11 നോക്കുക). അവസാനത്തെ അദ്ധ്യാ യത്തിൽ യോഹന്നാനോട് കർത്താവ് പറഞ്ഞു, "യേശു എന്ന ഞാൻ[7] സഭ കൾക്കുവേണ്ടി നിങ്ങളോട് ഇത് സാക്ഷീകരിപ്പാൻ എന്റെ ദൂതനെ അയച്ചു" (22:16). വീണ്ടും, പ്രാദേശിക ഇടവകയുടെ പ്രാധാന്യത്തെയാണ് കർത്താവ് ഊന്നി പറയുന്നത്. പ്രാദേശിക ഇടവകകളെ സഹായിച്ച് ശക്തിപ്പെടുത്തുന്ന തിനുവേണ്ടി രൂപപ്പെടുത്തിയതാണ് പുസ്തകം മൊത്തത്തിൽ.

"കൃപയും സമാധാനവും നിങ്ങളോടുകൂടെ ഇരിക്കട്ടെ" എന്നാണ് യോഹ ന്നാൻ ഇടവകകളെ അദ്ധ്യാം 1-ൽ വന്ദനം ചെയ്തിരിക്കുന്നത് (വാ. 4). ആശിർവാദത്തോടുകൂടിയാണ് അവൻ അദ്ധ്യായം 22 അവസാനിപ്പിക്കുന്നത്: "കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ" (വാ. 21). അത് നമ്മുടെ പ്രത്യാശയുടേയും ആശ്വാസ ത്തിന്റേയും ആദ്യവും അവസാനവും കൃപയാണെന്ന് നമ്മെ ഓർപ്പിക്കുന്നു.

അദ്ധ്യായം 1-ൽ യോഹന്നാൻ യേശുവിനെ കുറിച്ച് പറഞ്ഞു, "ഇതാ

അവൻ മേഘാരൂഢനായി വരുന്നു" (വാ. 7). ഈ സംഭവത്തിന്റെ തീർച്ചയാണ് വെളിപ്പാടിന്റെ അവസാന ഭാഗത്തിലെ മുഖ്യ ചിന്ത.[8] "ഞാൻ വേഗത്തിൽ വരുന്നു"[9] എന്ന് യേശു മൂന്നു പ്രാവശ്യം പറയുന്നു:

> ഇതാ, ഞാൻ വേഗത്തിൽ വരുന്നു, ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു (22:7).
>
> ഇതാ ഞാൻ വേഗം വരുന്നു, ഓരോരുത്തന്നു അവനവന്റെ പ്രവർത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട് (22:12).
>
> ഇത് സാക്ഷീകരിക്കുന്നവൻ, "അതേ, ഞാൻ വേഗം വരുന്നു" എന്ന് അരുളിച്ചെയ്യുന്നു. ആമേൻ കർത്താവായ യേശുവേ വരേണമേ (22:20).

യേശു മടങ്ങി വരുന്ന നാളും നാഴികയും നാം അറിയായ്കയാലത്രെ ഏതു സമയവും ഒരുങ്ങിയിരിക്കേണ്ടതിന് ദൈവം നമ്മെ ഇങ്ങനെ ഓർപ്പിക്കുന്നത് (മത്തായി 24:36).

അവസാനമായി, ദൈവത്തിനും ക്രിസ്തുവിനും പ്രത്യേക പദവികൾ നൽകിയിരിക്കുന്നത് അദ്ധ്യായം 1-ൽ നാം കണ്ടു. 1:8-ൽ കർത്താവ്[10] പറഞ്ഞു,"ഞാൻ ആൽഫയും ഒമേഗയും ആകുന്നു." 1:17-ൽ യേശു പറഞ്ഞു, "ഞാൻ ആദ്യനും അന്ത്യനും ആകുന്നു." അദ്ധ്യായം 22-ൽ യേശു പറഞ്ഞു, "ഞാൻ ആൽഫയും ഒമേഗയും, ഒന്നാമനും ഒടുക്കത്തവനും, ആദിയും അന്തവും ആകുന്നു" (വാ. 13). തന്റെ പുത്രൻ ദൈവമാണെന്നും, അവനെ ആദരിക്കയും അനുസരിക്കയും വേണമെന്നും ദൈവം നമ്മെ ഓർപ്പിക്കുന്നു.

മറ്റു ചിന്തകളും നമ്മുടെ വേദഭാഗത്തിലുണ്ട്, എന്നാൽ നാം മുഖ്യ സത്യങ്ങളായ ദൈവത്തിന്റെ അവസാന വാക്കുകൾ പരിശോധിക്കുമ്പോൾ അവയെ മനസിലാക്കും.

## അവസാന വാക്കുകൾ (22:6-21)

### തിരുവെഴുത്തുകളിലെ അവസാന വാക്ക് (വാ. 6, 18, 19)

ദൂതൻ യോഹന്നാനോട് "ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു" എന്ന് പറഞ്ഞതോടുകൂടിയാണ് നമ്മുടെ വേദഭാഗം ആരംഭിക്കുന്നത് (വാ. 6). അദ്ധ്യായം 21 ലും 22 ലും സ്വർഗത്തെ വിവരിച്ചിരിക്കുന്നതുമായി ഈ പ്രസ്താവനക്ക് പ്രത്യേക പ്രായോഗികതയുണ്ട്. ഒരുപക്ഷെ വെളിപ്പാടിന്റെ മുഴുവൻ സംഭവങ്ങളെയും ചുരുക്കി പറയുന്ന ഉദ്ദേശവും അടങ്ങിയിരിക്കാം. കൂടാതെ അത് തിരുവെഴുത്തുകളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രഖ്യാപനവും ആയേക്കാം.

എന്തുകൊണ്ടാണ് ബൈബിൾ വിശ്വാസയോഗ്യമാകുന്നത്? വാക്യം 6 ലെ വാക്കുകളിൽ അതിനുള്ള ഉത്തരമുണ്ട്: "കർത്താവ്, പ്രവാചകന്മാരുടെ ആത്മാക്കളുടെ ദൈവമാണ്, ..." ബൈബിൾ എഴുതിയവർ, തങ്ങളുടെ ചിന്തകളോ, ആശയങ്ങളോ, വാക്കുകളോ ആയിരുന്നില്ല എഴുതിയത്, മറിച്ച്, ദൈവം അവരുടെ ആത്മാക്കളെ നിയന്ത്രിച്ചിരുന്നു. പത്രൊസ് ഊന്നി പറഞ്ഞത്, "പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകൽപനയാൽ മനുഷ്യർ

പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് സംസാരിച്ചതത്രെ" (2 പത്രൊസ് 1:21).

ബൈബിൾ ദൈവത്തിൽ നിന്നാകയാൽ നാം അതിനെ ബഹുമാനിക്കണം. ശക്തമായ വാക്യങ്ങൾ 18 ലും 19 ലുമല്ലാതെ മറ്റൊരിടത്തും ഈ ചിന്തക്ക് ഊന്നൽ കൊടുക്കുന്നില്ല:

> ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ, ഇതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്ന് വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽനിന്ന് ആരെങ്കിലും വല്ലതും നീക്കി കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവ വൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കി കളയും.

വെളിപ്പാടിലെ ഭയങ്കര ബാധകളെ കുറിച്ച് ചിന്തിക്കുക: പുസ്തകത്തോടു കൂട്ട് ചേർക്കുന്ന ഏവനും ആ ബാധകളാൽ ശപിക്കപ്പെടും. മനോഹരമായ സ്വർഗീയ അനുഗ്രഹങ്ങളെ, ജീവ വൃക്ഷമടക്കം ചിന്തിക്കുക; പുസ്തകത്തിൽ നിന്ന് എന്തെങ്കിലും എടുത്തുകളയുന്ന ആർക്കും ആ അനുഗ്രഹങ്ങൾ ആസ്വദിക്കുവാൻ കഴിയുകയില്ല.[12]

മറ്റൊരു പുതിയനിയമ പുസ്തകവും ഇത്തരം ഭയങ്കരമായ ഒരു ഭീഷണി ഉയർത്തുന്നില്ല. എന്തിനാണ് വെളിപ്പാടിൽ ഇത് ഉൾപ്പെടുത്തിയത്? തന്റെ പുസ്തകം മനുഷ്യർ ദുരുപയോഗം ചെയ്യുമെന്ന് വിചാരിച്ചിരിക്കാം. അല്ലെങ്കിൽ ഒരുപക്ഷെ മനുഷ്യർ തങ്ങളുടെ ആശയങ്ങൾ, തങ്ങൾക്കിഷ്ടമുള്ളതിനെ എടുക്കുകയും അല്ലാത്തതിനെ നീക്കം ചെയ്യുകയും ചെയ്ത്, അതിൽ കൂട്ട് ചേർക്കുവാനും അതിൽനിന്നെടുത്തുകളയുവാനും പരീക്ഷിക്കപ്പെടുമെന്ന് അറിയാവുന്നതുകൊണ്ടാകാം.

കൂട്ടുചേർക്കുന്നതിനേയും എടുത്തുകളയുന്നതിനേയും കുറിച്ചുള്ള വാക്കുകൾ മറ്റു പുതിയനിയമപുസ്തകങ്ങളിൽ കാണുകയില്ലായിരിക്കാം, പക്ഷെ അതിൽ എല്ലാ തിരുവെഴുത്തിനെ കുറിച്ചുള്ള ദൈവത്തിന്റെ മനോഭാവത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. ഏതാണ്ട് ബൈബിളിന്റെ ആരംഭ ഘട്ടത്തിലും (ആവർത്തനപുസ്തകം 4:2), മദ്ധ്യഭാഗത്തും (സദൃശവാക്യങ്ങൾ 30:6). അതേ പോയിന്റ് പൗലൊസ് ക്രിസ്തുവിന്റെ സുവിശേഷത്തെ മാറ്റുന്നവർ ശപിക്കപ്പെട്ടവരാകുമെന്ന് നമ്മെ മുന്നറിയിക്കുന്നു (ഗലാത്യർ 1:6–9).

വചനത്തോട് കൂട്ടു ചേർക്കുന്ന പാപത്തെ പ്രത്യേകമായി ശ്രദ്ധിക്കുക: ബൈബിൾ സംബന്ധമായ ചില പരിശീലനങ്ങൾ നടത്തുന്നേടത്തോളം, അവർ കൂട്ടു ചേർക്കുകയോ, വിപുലമാക്കുകയോ ചെയ്യുന്നില്ല എന്നാണ്. ചിന്തിക്കാതെ വചനത്തോടു കൂട്ടു ചേർക്കുന്നതുപോലെ തന്നെ കുറ്റക്കാരാണ്, അതിലെ സത്യങ്ങൾ മനപ്പൂർവ്വം നിഷേധിക്കുന്നവരും എന്നാണ് ദൈവം പറയുന്നത്.

തിരുവെഴുത്തുകളിലെ അവസാന വാക്ക് എന്താണ്? ബൈബിൾ ദൈവത്തിൽനിന്നാകയാൽ നാം അതിനെ *ബഹുമാനിക്കണം!*

## യേശുവിനെ കുറിച്ചുള്ള അവസാന വാക്ക്
**(വാ. 7, 12, 13, 16, 20)**

"യേശുക്രിസ്തുവിന്റെ വെളിപ്പാട്" എന്നാണ് വെളിപ്പാടിന്റെ ആരംഭത്തിൽ

ഊന്നി പറയുന്നത് (1:1). പുസ്തകത്തിലുടനീളം, യേശുക്രിസ്തുവായിരുന്നു മുഖ്യം. അതുപോലെ, അവസാന സന്ദേശത്തിലും അവൻ തന്നെയാണ് മുഖ്യം. അവൻ വീണ്ടും വീണ്ടും പറയുന്നു, "ഞാൻ വരുന്നു." (വാ. 7, 12, 20). അവനെ വിളിച്ചിരിക്കുന്നത് "ആൽഫയും ഒമേഗയും, ഒന്നാമത്തവനും, ഒടുക്കത്തവനും, ആദ്യനും അന്ത്യനും" എന്നാണ് (വാ. 13). കൂടാതെ, അവനെ "ദാവീദിന്റെ വേരും വംശവും ശുഭ്രമായ ഉദയ നക്ഷത്രവും" എന്ന് വിശേഷിപ്പിച്ചിരിക്കുന്നു (വാ. 16).

"ദാവീദിന്റെ വേരും വംശവും" എന്നതു ഉറപ്പിക്കുന്നത്, അവന്റെ ദൈവികത്വത്തിൽ, യേശു ദാവീദിന്റെ വംശാവലിയിലും, അവന്റെ മനുഷ്യത്വത്തിൽ, അവൻ ദാവീദിന്റെ പിൻഗാമിയായിരുന്നു. ദാവീദിനോടുള്ള ഓരോ വാഗ്ദാനത്തിലും, യേശുവിന്റെ ജനനം, ജീവിതം, മരണം, ഉയിർപ്പ്, ആരോഹണം എന്നിവ തിരിച്ചറിയിക്കുന്നു (പ്രവൃത്തികൾ 2:24–36[14]).

തുയഥൈരയിലെ ജയിക്കുന്നവർക്ക് അവൻ "ഉദയ നക്ഷത്രം" നൽകുമെന്ന് പറഞ്ഞിരുന്നു (വെളിപ്പാട് 2:28). സാധാരണ ചക്രവാളത്തിനടുത്തായി പ്രഭാതത്തിന് മുൻപായി കാണുന്ന നല്ല പ്രകാശമുള്ള നക്ഷത്രമാണ് ഉദയ നക്ഷത്രം. അത് ഒരു പുതിയ ദിവസത്തെ പ്രഖ്യാപിക്കുകയാണ്.[15] വെളിപ്പാടിലെ അവസാന വാക്കുകളിൽ, യേശു തന്നെയാണ് "ഉദയനക്ഷത്രം" എന്നു പറഞ്ഞിരിക്കുന്നു (വാ. 16).

യേശുവിനെ കുറിച്ചുള്ള അവസാന വാക്ക് എന്താണ്? അവൻ നമ്മുടെ എല്ലാം-എല്ലാം-ആണ് ("ആദ്യനും അന്ത്യനും") നമ്മുടെ *പ്രത്യാശ*യുടെ ഉറവിടവുമാണ് ("ഉദയ നക്ഷത്രം")!

### ദൈവത്തെ കുറിച്ചുള്ള അവസാന വാക്ക് (വാ. 8, 9)

യേശുവിനെ കുറിച്ചുള്ള അവസാന വാക്കു മാത്രമല്ല, ദൈവത്തെ കുറിച്ചുള്ള അവസാനവാക്കും നമ്മുടെ വേദഭാഗം പറയുന്നു. സ്വർഗത്തെ കുറിച്ച്, ദൂതൻ യോഹന്നാനോട് പറഞ്ഞപ്പോൾ, അപ്പൊസ്തലൻ ആഹ്ലാദഭരിതനായി (അദ്ധ്യായം 19 ലേതുപോലെ) തെറ്റു ആവർത്തിച്ചു:

> ഇത് കാൺകയും കേൾക്കയും ചെയ്തത് യോഹന്നാൻ എന്ന ഞാൻ തന്നെ. കേൾക്കയും കാൺകയും ചെയ്തശേഷം, അത് എനിക്ക് കാണിച്ചുതന്ന ദൂതന്റെ കാൽക്കൽ വീണ് നമസ്ക്കരിച്ചു.[16] എന്നാൽ അവൻ എന്നോട് "അതരുത്, ഞാൻ നിന്റേയും നിന്റെ സഹോദരന്മാരായ പ്രവാചകന്മാരുടേയും ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവരുടേയും സഹഭൃത്യനത്രെ; ദൈവത്തെ നമസ്ക്കരിക്ക എന്നു പറഞ്ഞു" (വാ. 8, 9).

അദ്ധ്യായം 19 ലെ സന്ദേശം ദൂതൻ ആവർത്തിച്ചു; യോഹന്നാനെ പോലെ, ദൂതനും കൽപനപ്രകാരം പ്രവർത്തിക്കേണ്ടവനായിരുന്നു, അതുകൊണ്ട് ആരാധനാപാത്രമായിരുന്നില്ല.[17]

ദൈവത്തെ കുറിച്ചുള്ള അവസാന വാക്ക് എന്താണ്? അവനെ ആരാധിക്കുക: അവനെ പുകഴ്ത്തുകയും, ബഹുമാനിക്കുകയും, അവനെ നിങ്ങളുടെ ജീവിതത്തിന്റെ പ്രഥമസ്ഥാനത്ത് വെക്കുകയും ചെയ്യുക (മത്തായി 6:33).

### കീഴ്പ്പെടലിനെ കുറിച്ചുള്ള അവസാന വാക്ക്

### (വാ. 7, 10-12, 14, 15)

തിരുവെഴുത്തുകളെയും, യേശുവിനേയും, ദൈവത്തെയും കുറിച്ചുള്ള "അവസാന വാക്ക്" നാം കണ്ടുകഴിഞ്ഞു. ആ സത്യങ്ങളുടെ അടിസ്ഥാനത്തിൽ, കർത്താവ് നമ്മോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു ചെയ്യുന്നുവോ ഇല്ലയോ എന്നതിൽ വ്യത്യാസം ജനിപ്പിക്കുകയില്ലേ? പുസ്തകത്തിലെ ഉപദേശങ്ങൾ "പ്രമാണിക്കുന്നവരാണ്" അനുഗ്രഹിക്കപ്പെടുന്നത് എന്ന് നമ്മോട് പറഞ്ഞുകഴിഞ്ഞു (വാ. 7). ആ ചിന്ത വിപുലമാക്കുകയാണ് വാക്യങ്ങൾ 14 ലും 15 ലും:

> ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും. ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം[18] അലക്കുന്നവൻ[19] ഭാഗ്യവാന്മാർ. നായ്ക്കളും, ക്ഷുദ്രക്കാരും, ദുർന്നടപ്പുകാരും, കുലപാതകന്മാരും, ബിംബാരാധികളും ഭോഷ്ക്കിൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു[20] തന്നെ.

നാം നമ്മുടെ മുൻ പഠനങ്ങളിൽ കണ്ടതുപോലെ, അവന്റെ ഇഷ്ടം അനുസരിച്ചുകൊണ്ടാണ് "യേശുവിന്റെ രക്തത്താൽ വസ്ത്രം" കഴുകുന്നത് (7:14).[21] നാം നമ്മുടെ ജീവിതങ്ങൾ കർത്താവിന് കീഴ്പ്പെടുത്തുവാൻ തയ്യാറാകാതെ, നമുക്ക് സ്വർഗത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല.

"നായ്ക്കൾ" എന്ന വാക്ക് ഒഴിച്ചാൽ 22:15 ലെ അഭക്തരുടെ ലിസ്റ്റ് തന്നെയാണ് 21:8 ലേതും. നിങ്ങളുടെ പ്രദേശത്ത് "നായ്ക്കളെ" വളർത്തുന്നതു കൊണ്ട്, ഒരുപക്ഷെ ആ വാക്ക് നിങ്ങൾക്ക് അസാധാരണമായി തോന്നിയേക്കാം. ആ വാക്യം മനസിലാക്കുവാൻ, ഒരു വളർത്തുനായ്ക്കുട്ടിയെയല്ല, കടിച്ചു-മുറിവേൽപിക്കുന്ന കുഴപ്പക്കാരായ നായ്ക്കളെ കുറിച്ച് ചിന്തിക്കുക. വെളിപ്പാട് എഴുതപ്പെട്ട സമയത്ത്, അത്തരം നായ്ക്കൾ തോട്ടികളെ പോലെ സംഘമായി അലഞ്ഞു നടന്നിരുന്നു. ആ വാക്കിനാൽ ബൈബിൾ ഉദ്ദേശിക്കുന്നത് അഭക്തനെയാണ് (ആവർത്തനപുസ്തകം 23:18; 1 രാജാക്കന്മാർ 21:19; സങ്കീർത്തനങ്ങൾ 22:16, 20; ഫിലിപ്പിയർ 3:2.)

അനുസരണത്തിന്റെ ആവശ്യകതയെ അടിവരയിട്ട് വാക്യം 7, 14, 15 എന്നീ വാക്യങ്ങൾ ബോധ്യമാക്കുന്നു, എന്നാൽ *എപ്പോഴാണ്* നാം കർത്താവിനെ അനുസരിക്കുക? ആ ചോദ്യത്തിനുള്ള ഉത്തരം വാക്യങ്ങൾ 10 മുതൽ 12 വരെ നൽകുന്നു, അത് ഒരു പ്രത്യേക ഭാഷയിലാണ് പറഞ്ഞിരിക്കുന്നത്. ദൂതൻ യോഹന്നാനോട് പറഞ്ഞു,

> അവൻ പിന്നെയും എന്നോട് പറഞ്ഞത്, സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്. അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ. നീതിമാൻ ഇനിയും നീതി ചെയ്യട്ടെ. നീതിമാൻ ഇനിയും നീതി ചെയ്യട്ടെ. വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ (വാ. 10, 11).

പിന്നെ യേശു കൂട്ടിച്ചേർത്തു, "ഇതാ ഞാൻ വേഗം വരുന്നു, പ്രതിഫലം എന്റെ പക്കൽ ഉണ്ട്" (വാ. 12).

നീതിമാന്മാരോടു നീതി ചെയ്യുവാനും, വിശുദ്ധന്മാരോട് തുടർന്നും വിശുദ്ധിയിൽ തന്നെ തുടരുവാനും കർത്താവ് പറയുന്നതെന്തിനാണെന്ന് നമുക്ക് മനസിലാക്കുവാൻ പ്രയാസമില്ല - പക്ഷെ അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ, അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ എന്ന് കർത്താവ് പറയുവാൻ കാരണമെന്താണ്? അന്ന് ഒരു വേദഭാഗം എന്തു പഠിപ്പിക്കുന്നു എന്നതിനേക്കാൾ എന്ത് പഠിപ്പിക്കു*ന്നില്ല* എന്നത് ഉറപ്പിക്കുവാൻ കഴിയുമായിരുന്നു: (1) മനുഷ്യൻ എങ്ങനെ ജീവിച്ചാലും, അവൻ സ്വർഗത്തിൽ പോകുമെന്ന് അത് പഠിപ്പിക്കു*ന്നില്ല* എന്ന് നമുക്ക് അറിയാം (വാ. 14, 15). (2) അത് തെറ്റു ചെയ്യുവാനുള്ള പ്രബോധനം *അല്ല* എന്ന് നമുക്ക് അറിയാം. (*ശരിയായത്* ചെയ്യുവാനാണ് വേദഭാഗത്തിൽ ഊന്നൽ നൽകുന്നത്). (3) പാപം ചെയ്യുന്നവരെല്ലാം, അവ കണക്കിലെടുക്കേണ്ടാത്ത വിധത്തിൽ പ്രത്യാശയില്ലാത്തവരാണ് എന്ന് അത് പഠിപ്പിക്കു*ന്നില്ല.* (വാക്യം 17 ലെ ക്ഷണം നോക്കുക.)

അപ്പോൾ, പിന്നെ, വാക്യം 11 ന്റെ ഉദ്ദേശം എന്താ*ണ്*? മുൻപ് ഊന്നൽ നൽകിയതിനാലും, ആ വാക്യത്തിനുശേഷം സമയം ചുരുക്കമായതിനാലും (വാ. 10, 12), അവസരങ്ങൾക്കുള്ള സമയം ചുരുങ്ങി വരികയായിരുന്നു.[22] അഭക്തൻ തന്റെ ജീവിതത്തെ മാറ്റിയില്ലെങ്കിൽ പിന്നെ താമസിച്ചുപോകും. ഒരുങ്ങാത്തവർ നിത്യതയിലും ഒരുങ്ങാത്തവരായിരിക്കും, എന്നാൽ ഈ ജീവിതത്തിൽ ഒരുങ്ങിയവർ ആ നിലവാരത്തിൽ തന്നെ എന്നേക്കും ജീവിക്കും.

നിങ്ങൾക്കും എനിക്കും അറിയുവാൻ കഴിയുന്ന സമയം ഇപ്പോഴാണ്. "*ഇപ്പോഴാകുന്നു* 'രക്ഷാദിവസം' " എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (2 കൊരിന്ത്യർ 6:2; എംഫസിസ് മൈൻ). നമുക്ക് കർത്താവിനോട് പ്രതികരിക്കണമെന്നറിഞ്ഞിട്ട്, ചെയ്യാതിരുന്നാൽ മൂന്നിലൊരു കാര്യം സംഭവിച്ചേക്കാം: (1) യേശു വരാം (വെളിപ്പാട് 1:7; 22:7, 12, 20); (2) നമുക്ക് മരണം സംഭവിക്കാം (എബ്രായർ 9:27); അല്ലെങ്കിൽ (3) വീണ്ടും മാനസാന്തരപ്പെട്ട് പുതുക്കം പ്രാപിക്കുവാൻ കഴിയാത്തവണ്ണം പാപത്തിൽ നമ്മുടെ ഹൃദയം കഠിനപ്പെട്ടേക്കാം (എബ്രായർ 6:4–6).

കീഴ്പ്പെടലിനെ കുറിച്ച് എന്താണ് അവസാന വാക്ക്? നാം കർത്താവിനെ അനുസരിക്കേണ്ടതാണ്, അത് *ഇപ്പോൾ* തന്നെ ചെയ്യണം.

### കൃപയെ കുറിച്ച് അവസാന വാക്ക് (വാ. 12, 17, 21)

കൃപയെ ഊന്നിക്കൊണ്ടാണ് വെളിപ്പാട് ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും എന്ന് നാം നിരീക്ഷിക്കുകയുണ്ടായി (1:4; 22:21). നമ്മുടെ അനുസരണത്തിനും, പ്രവൃത്തികൾക്കും, നാം ജീവിക്കേണ്ട രീതിക്കും പുസ്തകം ഊന്നൽ കോടുത്തിരിക്കുകയാണ് (2:2; 14:13; 20:12). നമ്മുടെ ഇപ്പോഴത്തെ വേദഭാഗത്ത് യേശു പറഞ്ഞു, "ഇതാ, ഞാൻ വേഗം വരുന്നു, ഓരോരുത്തന്ന് അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം[23] എന്റെ പക്കൽ ഉണ്ട്" (22:12). "തങ്ങളുടെ വസ്ത്രം കഴുകിയവർക്ക്" മാത്രമാണ് ജീവവൃക്ഷത്തിന് അവകാശമുള്ളത് (വാ. 14). എങ്കിലും, നമുക്ക് രക്ഷ നേടുവാൻ കഴിയുകയില്ലെന്നും, രക്ഷ *കൃപ*യാലാണ് ലഭിക്കുന്നതെന്നും നാം അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

വാക്യം 17 ന്റെ മനോഹാരിതയിൽ കർത്താവിന്റെ കൃപ പ്രകടമാക്കിയിരിക്കുന്നത് കാണാം: "വരിക[24] എന്ന് ആത്മാവും മണവാട്ടിയും പറയുന്നു.

കേൾക്കുന്നവനും വരിക എന്ന് പറയട്ടെ. ദാഹിക്കുന്നവൻ വരട്ടെ. ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ."[25]

"ആത്മാവ്" പരിശുദ്ധാത്മാവാണ്, വെളിപ്പാട് പുസ്തകത്തെ ദൈവശ്വാസിയമാക്കിയത് (2:7; 14:13), അത് അവൻ മറ്റു പുസ്തകങ്ങൾ ദൈവശ്വാസിയമാക്കിയതുപോലെ തന്നെ (2 പത്രൊസ് 1:21). വെളിപ്പാടിലെ "മണവാട്ടി" (നാം മുൻപ് കണ്ടതുപോലെ), യേശുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവരാണ്. വിശ്വസ്തർക്ക് ആത്മാവ് മത്തായി 28:19-ൽ വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ ലഭിക്കുന്നതിനാണ് സഭ എല്ലാവരെയും ക്ഷണിക്കുന്നത്. ക്ഷണം എല്ലാവർക്കുമുള്ളതാകയാൽ, കേൾക്കുന്നവർ: "വരിക" എന്നു പറയണം.

ഒരു ആത്മിയ ദാഹം ദേശത്ത് നിറഞ്ഞിരുന്നു, കാരണം ആളുകൾ "ജീവജലത്തിന്റെ ഉറവയായ ... എന്നെ ഉപേക്ഷിച്ചു. വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നെ കുഴിച്ചിരിക്കുന്നു" (യിരെമ്യാവ് 2:13). "മ്ലേഛതകൾ നിറഞ്ഞ" പൊൻ പാനപാത്രമാണ് ലോകം മനുഷ്യർക്ക് നൽകുന്നത് (വെളിപ്പാട് 17:4), അവർ അതിൽനിന്നു കുടിക്കയും ചെയ്യുന്നു; എന്നാൽ അവരുടെ ദാഹം മുൻപിലത്തേക്കാൾ വർദ്ധിച്ചുകൊണ്ടിരിക്കും. ഒരാൾക്ക് ആ ആന്തരിക ദാഹം ശമിപ്പിക്കുവാനുള്ള ഏക മാർഗത്തിനാണ് ക്ഷണം: "ദാഹിക്കുന്നവൻ വരട്ടെ; ഇഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ."

നിങ്ങൾക്ക് വലിയ സമ്പത്തുണ്ടോ? പക്ഷെ "ജീവജലം" അതുകൊണ്ട് വാങ്ങുവാൻ സാധ്യമല്ല. നിങ്ങൾ പണമില്ലാത്തവനാണോ? അതു കാര്യമാക്കേണ്ട; അത് "സൗജന്യമാണ്."

കൃപയെ കുറിച്ചുള്ള അവസാന വാക്ക് എന്താണ്? അത് കൂടാതെ നിങ്ങൾക്ക് *രക്ഷിക്കപ്പെടുവാൻ* സാധ്യമല്ല - പക്ഷെ നിങ്ങളുടെ ആവശ്യം മനസിലാക്കാതെയും (മത്തായി 5:6) കർത്താവിന്റെ അടുക്കൽ എത്താതെയും നിങ്ങൾക്ക് രക്ഷിക്കപ്പെടുവാൻ സാധ്യമല്ല!

## ഉപസംഹാരം (22:20)

നമ്മുടെ പരമ്പര അവസാനിപ്പിക്കുമ്പോൾ, നമ്മുടെ പഠനം നിങ്ങൾക്ക് പ്രയോജനപ്പെട്ടുവെന്നാണ് പൂർണ്ണഹൃദയത്തോടെ ഞാൻ വിചാരിക്കുന്നത്. ഇപ്പോൾ ഏതെങ്കിലും വിധത്തിൽ നന്മക്കായി നിങ്ങൾ മാറിയിരിക്കാം.

അവസാന പാഠത്തിന്റെ ആരംഭത്തിൽ, വെളിപ്പാട് പുസ്തകത്തിലെ അവസാന വാക്യങ്ങളിലെ മുഖ്യചിന്ത ക്രിസ്തു മടങ്ങി വരുന്നതാണെന്ന് ഞാൻ പറയുകയുണ്ടായി. കർത്താവ് മടങ്ങി വന്ന് വിശ്വസ്തരായ ക്രിസ്ത്യാനികൾക്ക് പ്രതിഫലം കൊടുക്കുമെന്ന ചിന്ത ആരംഭ ക്രിസ്ത്യാനികൾക്ക് വിലയേറിയതായിരുന്നു (2 തിമൊഥെയൊസ് 4:8; തിത്തൊസ് 2:13). ആ പരീക്ഷണങ്ങളിൽ, അത് അവരെ നിലനിർത്തി; അവർക്ക് തുടരുവാനുള്ള ഉന്മേഷം അത് വർദ്ധിപ്പിച്ചു. "മരണാത്ത" എന്ന ഒരു പ്രയോഗം അവർക്ക് ഉണ്ടായിരുന്നു (1 കൊരിന്ത്യർ 16:22), അതൊരു അരാമ്യ വാക്കായിരുന്നു, അടിസ്ഥാനപരമായി അതിന്റെ അർത്ഥം, "കർത്താവേ, വരേണമേ!" എന്നായിരുന്നു. അത് അവൻ വരുമെന്ന വിശ്വാസവും വേഗമാക്കുവാനുള്ളപ്രാർത്ഥനയും അടങ്ങുന്ന പ്രയോഗമായിരുന്നു. പ്രാരംഭ ക്രിസ്ത്യാനികൾ കർത്തൃമേശ[26] ആചരിക്കുന്നതിനോടനുബന്ധിച്ച് പ്രാർത്ഥിച്ചിരുന്നു എന്ന തെളിവാണ് ആദ്യ എഴുത്തുകാരിൽ നിന്നു നമുക്ക് ലഭിക്കുന്നത്. നമ്മുടെ വേദഭാഗത്തിലെ വാക്യം 20-ൽ അതേ ശക്തമായ വാഞ്ഛ പ്രകടിപ്പിക്കുന്നുണ്ട്: യേശു അതു പറഞ്ഞ ശേഷം, "അതെ,

ഞാൻ വേഗം വരുന്നു," എന്നു പറഞ്ഞതിന് പ്രതികരണമായി യോഹന്നാൻ പറഞ്ഞു, "ആമേൻ, കർത്താവായ യേശുവേ വേഗം വരേണമേ"?

നിങ്ങളെ സംബന്ധിച്ചോ? "അവന്റെ പ്രത്യക്ഷത" *നിങ്ങൾക്ക്* ഇഷ്ട മാണോ (2 തിമൊഥെയൊസ് 4:8)? "നമ്മുടെ രക്ഷകനും മഹാ ദൈവവുമായ ക്രിസ്തുയേശുവിന്റെ പ്രത്യാശയുടെ അനുഗ്രഹത്തിന് നിങ്ങൾ നോക്കി പാർത്തിരിക്കുന്നുവോ" (തിത്തൊസ് 2:13)? ക്രിസ്തു ഇപ്പോൾ വരികയാണെങ്കിൽ, നിങ്ങൾക്ക് സന്തോഷമുണ്ടാകുമോ അതോ ഭയമുണ്ടാകുമോ? യോഹന്നാൻ പറഞ്ഞതുപോലെ, വാസ്തവത്തിൽ നിങ്ങൾക്ക് "ആമേൻ, കർത്താവേ, വേഗം വരേണമേ" എന്നു പറയുവാൻ കഴിയുമോ?

നിങ്ങൾക്ക് കഴിഞ്ഞിട്ടില്ലെങ്കിൽ, ഈ ദിവസം അവസാനിക്കുന്നതിനു മുൻപ്, നിങ്ങൾ "വസ്ത്രം അലക്കുകയും" അങ്ങനെ നിങ്ങൾക്ക് "ജീവ വൃക്ഷത്തിൽ അവകാശം ലഭിക്കുകയും, ഗോപുരവാതിലിൽകൂടെ നഗരത്തിൽപ്രവേശിക്കുവാനും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു" (വെളിപ്പാട് 22:14).[27] ഒരു ദിവസം ദൈവസിംഹാസനത്തിന് മുമ്പിൽ നിങ്ങളോടൊപ്പം നിന്ന് ദൈവത്തിന് സ്തുതിഗാനം ആലപിക്കുവാൻ കഴിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

**പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ**

ഈ പാഠത്തിനു കൊടുക്കാവുന്ന മറ്റൊരു തലവാചകമാണ്, "ദൈവത്തിനാണ് അവസാന വാക്ക്."

ഈ വേദഭാഗത്തിനുള്ള മറ്റൊരു സമീപനം "നിങ്ങൾ (ക്രിസ്തുവിന്റെ വരവിനായി) ഒരുങ്ങിയോ?" എന്നതാണ്.

(1) നിങ്ങൾ പ്രതികരിക്കുന്നുവോ? (വാ. 6, 7);
(2) നിങ്ങൾ ഭയഭക്തിയുള്ള ആളോ? (വാ. 8, 9);
(3) നിങ്ങൾ നീതിമാനോ? (വാ. 10–12);
(4) നിങ്ങൾ വീണ്ടെടുക്കപ്പെട്ടോ? (വാ. 14–16);
(5) നിങ്ങൾ സ്വീകാര്യക്ഷമതയുള്ള ആളോ? (വാ. 16, 17);
(6) നിങ്ങൾ ബഹുമാനിക്കത്തക്ക ആളോ? (വാ. 18, 19);
(7) നിങ്ങൾ സന്തോഷിക്കുന്നുവോ? (വാ. 20, 21).

പല എഴുത്തുകാരും 22:6–21 എടുത്ത് ക്രിസ്തുവിന്റെ മടങ്ങിവരവിനെ മുഖ്യ ചിന്താവിഷയമാക്കുന്നു.

പാഠങ്ങൾക്കുള്ള അടിസ്ഥാനമായി ഉപയോഗിക്കാവുന്നതാണ് പുസ്തക ഭാഗങ്ങൾ. "ക്രിസ്തു ആൽഫയും ഒമേഗയും ആകുന്നു, ക്രിസ്തു വേരും നക്ഷത്രവുമാകുന്നു,"[28] എന്നതിന്റെ പ്രസംഗ കുറിപ്പുകൾ ബർട്ടൻ കോഫ്മാൻ തന്റെ *കമന്ററി ഓൺ റെവലേഷനിൽ* ഉൾപ്പെടുത്തിയിട്ടുണ്ട്.

വെളിപ്പാട് പുസ്തകത്തെ കുറിച്ച് നിങ്ങളുടെ പ്രസംഗം അല്ലെങ്കിൽ ഉപദേശം അവസാനിപ്പിക്കുമ്പോൾ, പുസ്തകം മുഴുവൻ അവലോകനം നടത്തുവാൻ വേണമെങ്കിൽ നിങ്ങൾക്ക് ഒന്നോ രണ്ടോ പാഠങ്ങൾ എടുക്കാം. ഫ്രാങ്ക് പാക്ക് അത്തരം അവലോകനം നടത്തിയിട്ടുണ്ട്. [29]

വെളിപ്പാട് പുസ്തകത്തെ എടുത്ത് വെളിപ്പെടുത്തുന്ന പഠന പരമ്പരകൾ പുസ്തക സന്ദേശം കൊടുക്കുന്നതു കൂടാതെ മറ്റു സമീപനങ്ങളും എടുക്കാം. വിഷയ സംബന്ധിയായി പുസ്തകത്തെ അവതരിപ്പിക്കാവുന്ന രീതിയാണ് ജെയിംസ് സ്ട്രാസ് തന്റെ *ദ സീർ, ദ സേവിയർ, ആന്റ് ദ സേവ്ഡ്* എന്ന പുസ്തകത്തിൽ സ്വീകരിച്ചിട്ടുള്ളത്: ദൈവത്തെ കുറിച്ചും, ദൂതന്മാരെ കുറിച്ചും,

പിശാചിനെ കുറിച്ചും, സ്വർഗത്തെ കുറിച്ചും വെളിപ്പാട് എന്തു പഠിപ്പിക്കുന്നു എന്ന്. ഹൂഗോ മെക്കോർഡ് തന്റെ പുസ്തകം അവസാനിപ്പിക്കുന്നത്, *ദ റോയൽ റൂട്ട് ഓഫ് റെവലേഷൻ* വിഷയസംബന്ധിയായി വെളിപ്പാടിന്റെ അവലോകനവും ചേർത്താണ്.[30]

---

കുറിപ്പുകൾ

[1]ആൽബർട്ട് എച്ച്. ബാൽഡിഞ്ചർ, *പ്രീച്ചിങ് ഫ്രം റെവലേഷൻ ടൈമ്ലി മെസേജ് ഫോർട്രബിൾഡ് ഹാർട്ട്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1960), 117. [2]പതിനാറു വാക്യങ്ങളിലെ ഒരു വെല്ലുവിളി എന്തെന്നാൽ ആരാണ് സംസാരിക്കുന്നതെന്ന് പറയുക എളുപ്പമല്ല. യേശുവിന്റെ ശബ്ദവും, യോഹന്നാന്റേയും ദൂതന്റേയും സന്ദേശം യോജിച്ചിരിക്കുന്നു. സംസാരിച്ചത് ആരായിരുന്നാലും, വാക്കുകൾ *കർത്താവിൽ* നിന്നായിരുന്നു. [3]മുൻപ് ചർച്ച ചെയ്തു പരാമർശിച്ച പ്രയോഗങ്ങളും വാക്കുകളും ഈ പാഠത്തിൽ പറയുവാൻ ആഗ്രഹിക്കുന്നില്ല. ആ വാക്കുകളിലും പ്രയോഗങ്ങളിലും പലതും, *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "കർത്താവേ, ഏത്രത്തോളം?" എന്ന പാഠത്തിലുണ്ട്. [4]പുസ്തകം ഏ. ഡി. 96-ൽ ഡൊമീഷ്യന്റെ വാഴ്ച്ചക്കാലത്ത് എഴുതപ്പെട്ടു എന്ന് കരുതുവാൻ ഇത് കാരണമാകുന്നു. [5]മൂലഗ്രന്ഥത്തിൽ "ഐ" എന്നത് ഊന്നി പറഞ്ഞിരിക്കുന്നു. താൻ എഴുതിയതിന്റെ ആധികാരികത യോഹന്നാൻ തന്റെ വായനക്കാരെ ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഊഹത്തിന്റെ അമിതാവേശത്തിൽ എഴുതിയതല്ല പുസ്തകം എന്നും, താൻ കാണുകയും കേൾക്കുകയും ചെയ്തത് കൃത്യമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും അവൻ അവരോട് പറയുന്നു. [6]സന്ദേശം വിസ്തൃതമായി അന്ന് അറിയിക്കേണ്ടതിനാലായിരുന്നു "ഈ വാക്കുകൾ മുദ്രയിടരുത്" *എന്ന്* കൽപിച്ചത്. ഇത് ദാനിയേലിനോട് പറഞ്ഞ "മുദ്രയിടുക" എന്നതിൽ നിന്നും വ്യത്യസ്തമായിരുന്നു (ദാനിയേൽ 12:4). *വെളിപ്പാട്, 1* എന്ന പുസ്തകത്തിൽ "വെളിപ്പാട് പുസ്തകത്തെ സംബന്ധിച്ച് നിങ്ങൾ അറിഞ്ഞിരിക്കേണ്ട ഏഴു കാര്യങ്ങൾ" എന്ന പാഠത്തിലെ മുദ്രയിടുവാൻ പറഞ്ഞ വാക്യങ്ങളും മുദ്രയിടരുത് എന്ന് പറഞ്ഞ വാക്യങ്ങളും നോക്കുക. [7]മൂലഗ്രന്ഥത്തിൽ "ഐ, യേശു" എന്നതിനാണ് ഊന്നൽ. [8]അദ്ധ്യായം 1 മുതൽ 21 വരെ "വേഗം വരുന്നു" എത്ര പ്രാവശ്യം പറഞ്ഞിരിക്കുന്നുവോ, അത്രയും പ്രാവശ്യം അദ്ധ്യായം 22-ൽ പറഞ്ഞിരിക്കുന്നു. [9]നമ്മുടെ പഠനത്തിലുടനീളമെന്നവണ്ണം, അവന്റെ "വരവുകൾ" താൽക്കാലികമാണോ അതോ ലോകാവസാനത്തിലുള്ളതാണോ എന്ന് വേർതിരിച്ചറിയുക എളുപ്പമല്ല. ഒന്നാം നൂറ്റാണ്ടിൽ ഉപദ്രവിക്കപ്പെട്ടവരുടെ മനസിൽ അവന്റെ "വരവ്" റോമാക്കാരെ ശിക്ഷിക്കുവാനുള്ള വരവായിരിക്കാം മുൻഗണനയിലുള്ളത്. നമ്മെ പോലെയുള്ളവരുടെ മനസിൽ അവന്റെ "വരവ്" ഏതവസരത്തിലുമാകാം എന്നതായിരിക്കും. രണ്ടു തരത്തിലുള്ള വരവും യോജിച്ചാണ് കിടക്കുന്നത്. ജെ. ഡബ്ലിയു. റോബർട്ട്സ് എഴുതിയത്, "താൽക്കാലിക സംഭവങ്ങൾ വിവരിച്ചിരിക്കുന്നത് അവസാന വരവിന്റെ വാക്കുകളാലാണ് കാരണം അവർ ആ സംഭവത്തെ നോക്കിയിരുന്നു" (*ദ റെവലേഷൻ ടു ജോൺ (ദ അപോകാലിപ്സ്)*, ദ ലിവിങ് വേഡ് കമെന്ററി സീരീസ് [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1974], 199). [10]പിതാവാണോ അതോ പുത്രനാണോ 1:8-ൽ സംസാരിക്കുന്നത് എന്ന് വ്യക്തമല്ലാത്തതുകൊണ്ട് ഞാൻ പൊതുവായ പ്രയോഗമായ "കർത്താവ്" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. *വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ, "കർത്താവേ, എത്രത്തോളം?" എന്ന പാഠത്തിലെ 1:8 ൻെറ കുറിപ്പുകൾ നോക്കുക.

[11]യേശുവിനെ എല്ലായ്പോഴും വിശേഷിപ്പിച്ചിരിക്കുന്നത് "വിശ്വസ്തനും സത്യ വാനുമായിട്ടാണ്" (3:14; 19:11); അവന്റെ വചനം പങ്കിടുമ്പോൾ സ്വാഭാവികമായി ഈ വിശേഷണങ്ങളും വരും. [12]വേദ ഭാഗത്തിലെ ഈ സന്ദർഭത്തെ കുറിച്ച് മിക്ക വ്യാഖ്യാതാക്കളും പറയുന്നത് തങ്ങൾ പറഞ്ഞ അഭിപ്രായങ്ങൾ വചനത്തോടു കൂട്ടു കയോ കുറക്കുകയോ ചെയ്തതല്ല എന്നാണ്. അതിനോട് ഞാനും യോജിക്കുന്നു. [13]യെശയ്യാവ് 11:1 നോക്കുക. *വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "വർതി ഈസ് ദ ലാമ്പ്" എന്ന പാഠത്തിലെ 5:5 ന്റെ കുറിപ്പ് നോക്കുക. [14]നാം നമ്മുടെ പഠനങ്ങളിൽ മുൻപ് ശ്രദ്ധിച്ചതുപോലെ, യേശു *ഇപ്പോൾ* സ്വർഗത്തിൽ ദാവീദിന്റെ സിംഹാസന ത്തിൽ ഇരിക്കുകയാണ്. [15]*വെളിപ്പാട്, 1* എന്ന പുസ്തകത്തിലെ "യിസെബേൽ അംഗ മായിരുന്ന സഭ " എന്ന പാഠത്തിലെ 2:28 ന്റെ കുറിപ്പുകൾ നോക്കുക. [16]യോഹന്നാന്റെ ഇവിടത്തെ പ്രവൃത്തി അദ്ധ്യായം 19 ലേതിൽനിന്നു വ്യത്യസ്തമായിരുന്നു എന്നാണ് ബർട്ടൻ കോഫ്മാൻ പറഞ്ഞത്. "അവനെ നമസ്ക്കരിക്കുവാൻ" യോഹന്നാൻ ദൂതന്റെ കാൽക്കൽ വീണു എന്നാണ് അദ്ധ്യായം 19 പറയുന്നത് (വാ. 10), എന്നാൽ അദ്ധ്യായം 22 പറയുന്നത് അവൻ "ദൂതന്റെ കാൽക്കൽ വീണു നമസ്ക്കരിച്ചു" എന്നാണ് (വാ. 8). കോഫ്മാൻ പറഞ്ഞതനുസരിച്ച്, യോഹന്നാന്റെ അപ്പോഴത്തെ ഉദ്ദേശം ദൈവത്തെ നമസ്ക്കരിക്കുവാനായിരുന്നെങ്കിലും ദൈവത്തിന്റെ സന്ദേശ വാഹകന്റെ മുൻപിലായതിനാൽ പാപമായി തീർന്നു എന്നാണ്. രണ്ട് പ്രാവശ്യവും സൃഷ്ടികർത്താവിനേക്കാൾ സൃഷ്ടിയെ ആരാധിച്ചതുകൊണ്ടുള്ള യോഹന്നാന്റെ ശ്രമം രണ്ടും ഒരുപക്ഷെ തെറ്റായിരുന്നേക്കാം. എന്നിരുന്നാലും കോഫ്മാന്റെ ചിന്ത പരിഗണിക്കേണ്ടതാണ് (*കമെന്ററി ഓൺ റെവലേഷൻ* [ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1979], 523). [17]"ജനങ്ങൾ ഏക സത്യദൈവത്തെ ഉപേക്ഷിച്ച് ദൂതന്മാരിലേക്കും, വിശുദ്ധന്മാരിലേക്കും തങ്ങളുടെ ആരാധന മാറിയത് സഭാചരിത്രത്തിലെ അപകടങ്ങളിലൊന്നായി വ്യക്തമാക്കുന്നു" (ഫ്രാങ്ക് പാക്ക്, *റെവ ലേഷൻ* പാർട്ട് 2, ദ ലിവിങ് വേഡ് സീരിസ് [ആസ്റ്റിൻ ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1965], 70). [18]മൂലഗ്രന്ഥത്തിൽ "കഴുകുക" എന്നത് വർത്തമാനകാലത്തിലാണ്, "തുടർച്ചയായി കഴുകുന്നു" എന്നു തർജിമ ചെയ്യാവുന്നതാണ്. നാം ദൈവവചനപ്ര കാരം നടന്നാൽ, യേശുക്രിസ്തുവിന്റെ രക്തം നമ്മെ തുടർച്ചയായി ശുദ്ധീകരിച്ചു കൊണ്ടിരിക്കും (1 യോഹന്നാൻ 1:7). [19]കെജെവിയിൽ "അവന്റെ കൽപനകൾ പ്ര മാണിക്കുന്നവർ ഭാഗ്യവാന്മാർ" എന്നാണ്. ഗ്രീക്കിൽ, "തങ്ങളുടെ വസ്ത്രം അലക്കു ന്നവരും," അവന്റെ കൽപനകൾ പ്രമാണിക്കുന്നവരും എന്നീ രണ്ട് പ്രയോഗങ്ങളും ഒന്നു തന്നെയാണെന്ന് തോന്നുന്നു. പുസ്തക തെളിവ് "തങ്ങളുടെ വസ്ത്രം അലക്കു ന്നവർ" എന്നതിനാണെങ്കിലും രണ്ട് പ്രയോഗങ്ങളുടേയും അടിസ്ഥാന അർത്ഥം ഒന്നു തന്നെ. [20]ന്യായവിധിക്ക് ശേഷം "നായ്ക്കളും" ദുഷ്ടന്മാരും സൂര്യകാന്ത മതിലിന് പു റത്ത് ചുറ്റിത്തിരിയുമെന്ന് ധരിക്കരുത്. "പുറത്ത്" എന്ന് പറഞ്ഞിരിക്കുന്നതിനാൽ അവർക്ക് "അകത്ത്" പ്രവേശനം ഇല്ല എന്നാണ്. 21:8 ലേത് 22:15-ൽ വ്യക്തമാക്കുന്നത് അവരെ തീപ്പൊയ്കയിൽ തള്ളിക്കളയുമെന്നാണ്, അത് മറ്റൊരു ഭാഗത്ത് പറയുന്നത് "*പുറത്തുള്ള* ഇരുട്ട്" എന്നാണ് (മത്തായി 8:12; എംഫസിസ് മൈൻ).

[21]*വെളിപ്പാട്, 2* എന്ന പുസ്തകത്തിലെ "കൊടുങ്കാറ്റിനുമീതെ ഉയരൽ" എന്ന പാ ഠത്തിലെ 7:14 ന്റെ കുറിപ്പ് നോക്കുക. [22]വാക്യം 11 ന്റെ അർത്ഥത്തെ കുറിച്ച് നിലനി ൽക്കുന്ന മറ്റു സാധ്യതകളുണ്ട്: ഐറണി അല്ലെങ്കിൽ സർക്കാസം ആയിരിക്കാം "ന ിങ്ങൾക്കിഷ്ടമുള്ളവണ്ണം ജീവിക്കാം ... എന്നാൽ അതിന്റെ അനന്തരഫലം അനു ഭവിക്കുവാൻ തയ്യാറാകണം." ചിലർ ഇതിനു സഭാപ്രസംഗി 11:9 സമാനതയായി കാണുന്നു, അവിടെ യുവാവിനോട്, ഇഷ്ടമുള്ള രീതിയിൽ നടന്നുകൊൾക, പ

ക്ഷെ “അവയെല്ലാം” നിന്നെ ന്യായവിസ്താരത്തിലേക്ക് നടത്തുമെന്നറിക എന്നു ഓർപ്പിച്ചിരിക്കുന്നു. വേറെയുള്ളവർ വാക്യം 11 ന്റെ ആദ്യഭാഗ വിവരണം പാപം നിമിത്തം ഹൃദയകാഠിന്യം നിമിത്തം മാനസാന്തരപ്പെടുവാൻ കഴിയാത്തതിനെ ആണ് പറയുന്നതെന്ന് കരുതുന്നു (എബ്രായർ 6:4-6). [23]ഗ്രീക്ക് വാക്ക് തർജിമ ചെയ്തിരിക്കുന്ന “പ്രതിഫലം” അർത്ഥം “കടപ്പെട്ടിരിക്കുന്നത്” എന്നാണ്; അത് വേതനത്തിനായും ഉപയോഗിച്ചിരിക്കുന്നു. [24]ആദ്യം പറയുന്ന രണ്ട് “വരുന്നു” എന്നതും യേശുവിനെയാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്ന് ചിലർ വിശ്വസിക്കുന്നു (വാക്യം 20 ലേതുപോലെ) എന്നാൽ മൂന്നാമത്തെ “വരിക” എന്നത് നഷ്ടപ്പെട്ടവരോടാണ് എന്നുമാണെന്ന് അവർ വിശ്വസിക്കുന്നു. കൂടുതൽ സാധ്യത, മൂന്നും തുല്യവും കർത്താവിങ്കലേക്ക് വരുവാനുള്ളവരോടായിരിക്കുവാനുമാണ് കൂടുതൽ സാധ്യത. [25]വാക്യം 17 യെശയ്യാവ് 55:1 മായി താരതമ്യം ചെയ്യുക. [26]ഈ വാചകം റോബർട്ട്സ്, 201-ൽ നിന്നെടുത്തതാണ്. [27]ഈ പാഠം നിങ്ങൾ പ്രസംഗമായി അവതരിപ്പിക്കുകയാണെങ്കിൽ, എങ്ങനെ ക്രിസ്ത്യാനിയായി തീരാമെന്നും (മർക്കൊസ് 16:16; പ്രവൃത്തികൾ 2:38) അല്ലെങ്കിൽ എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും പറയണം (പ്രവൃത്തികൾ 8:22; യാക്കൊബ് 5:16). [28]കോഫ്മാൻ, 528-29, 532-34. [29]പാക്ക്, 75-80. [30]ഹുഗോ മെക്കോർഡ്, *ദ റോയൽ റൂട്ട് ഓഫ് റെവലേഷൻ* (നാഷിലേ:20 ത് സെഞ്ചുറി ക്രിസ്ത്യൻ, 1976), 52-54.

---

**ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ**

1. അദ്ധ്യായം 1 ന്റെ ആദ്യഭാഗവും അദ്ധ്യായം 22 ന്റെ അവസാന ഭാഗവും വായിക്കുക. ആ രണ്ട് വേദഭാഗങ്ങളിൽനിന്നും ഒരേ രീതിയിലുള്ള എത്ര ചിന്തകളാണ് ലഭിക്കുന്നത്?
2. വെളിപ്പാടിന്റെ ഉദ്ദേശം ആയിരക്കണക്കിനു വർഷങ്ങൾക്ക് ശേഷം സംഭവിക്കേണ്ടതിനുള്ള കാര്യങ്ങളല്ല പറയുന്നതെന്ന് പാഠം പറയുന്നു. 22:6-21 എന്താണ് ഉറപ്പിക്കുന്നത്?
3. വെളിപ്പാട് പുസ്തകത്തിലെ ആറാമത്തേതും ഏഴാമത്തേതുമായ “മനോഗുണങ്ങൾ” വാക്യങ്ങൾ 7 ലും 14 ലും കാണാം. ഏഴ് മനോഗുണങ്ങളും പറയുക. എന്നിട്ട് ആറാമത്തേതും ഏഴാമത്തേതും ചർച്ച ചെയ്യുക.
4. ഇന്നും ചിലർ ദൂതന്മാരുടേയും “പുണ്യവാളന്മാരുടേയും” മുമ്പിൽ വണങ്ങുന്നു എന്ന കുറ്റം ഉള്ളവരാണോ?
5. വാക്യം 11 ന്റെ ആദ്യഭാഗം അർത്ഥമാക്കുന്നത്, തെറ്റു ചെയ്യുന്നതും അധാർമ്മികതയും സ്വീകാര്യമാണെന്നാണോ?
6. നമ്മുടെ “വസ്ത്രം അലക്കാതെ” സ്വർഗിയ നഗരത്തിൽ പ്രവേശ ിക്കുവാൻ സാധ്യമല്ല. നാം എങ്ങനെ നമ്മുടെ “വസ്ത്രം അലക്കും?”
7. വാക്യം 15 ലെ “നായ്ക്കൾ” എന്ന വാക്കിന്റെ അർത്ഥം എന്ത്?
8. നിങ്ങൾക്ക് എപ്പോഴെങ്കിലും ആത്മിയ ദാഹം ഉണ്ടായിട്ടുണ്ടോ? കർത്താവ് നമ്മുടെ ദാഹം എങ്ങനെ ശമിപ്പിക്കും?
9. വാക്യം 18 ഉം 19 ഉം ചർച്ച ചെയ്യുക. ഏതെല്ലാം രീതിയിലാണ് മതപരമായ ലോകം ഇന്ന് വചനത്തോട് കൂട്ടു ചേർക്കുന്നത്? ഏതെല്ലാം വിധത്തിലാണ് അവർ വചനത്തിൽനിന്നും എടുത്തു മാറ്റുന്നത്?
10. “മരണാത്താ” എന്ന വാക്കിന്റെ അർത്ഥം എന്ത്? “കർത്താവേ, വേഗം വരേണമേ” എന്ന് വാസ്തവത്തിൽ നിങ്ങൾക്ക് പറയുവാൻ

കഴിയുമോ?

11. വെളിപ്പാട് പുസ്തകത്തെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ നിങ്ങൾക്ക് ലഭിച്ച പ്രധാന സത്യങ്ങൾ ഏവ?